STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.244/PR/SPMC/PHQ/2022 Date:20.11.2022

## 71 ാമത് ആൾ ഇന്ത്യാ പോലീസ് റെസ്‌ലിംഗ് ക്ലസ്റ്റർ ചാമ്പ്യൻഷിപ്പിപ്പ് : പഞ്ചഗുസ്തിയിൽ കേരളാ പോലീസ് ചാമ്പ്യൻമാർ

പൂനെയിൽ നടന്ന 71 ാമത് ആൾ ഇന്ത്യാ പോലീസ് റെസ്‌ലിംഗ് ക്ലസ്റ്റർ ചാമ്പ്യൻഷിപ്പിൽ പഞ്ചഗുസ്തി പുരുഷ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി കേരളാ പോലീസ്. ഇന്ന് സമാപിച്ച ചാമ്പ്യൻഷിപ്പിൽ പഞ്ചഗുസ്തി വിഭാഗത്തിൽ അഞ്ച് സ്വർണ്ണവും രണ്ട് വെള്ളിയുമുൾപ്പെടെ ഏഴ് മെഡലുകളാണ് കേരളാ പോലീസ് നേടിയത്.

കെ.എ.പി ഒന്നാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾമാരായ നിതിൻ ആന്റണി (80 കിലോ വിഭാഗം), ഷോബിൻ ജോർജ്ജ് (85 കിലോ വിഭാഗം), എസ്.ഐ.എസ്.എഫ് ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർ സനീഷ്.എ.എൻ (90 കിലോ വിഭാഗം), കൊച്ചി സിറ്റി പോലീസിലെ സിവിൽ പോലീസ് ഓഫിസർമാരായ കണ്ണൻ.വി.സി (65 കിലോ വിഭാഗം), റിനിൽ സേവ്യർ (75 കിലോ വിഭാഗം) എന്നിവരാണ് സ്വർണ്ണമെഡൽ ജേതാക്കൾ. കോഴിക്കോട് സിറ്റി പോലീസിലെ സിവിൽ പോലീസ് ഓഫിസർമാരായ ധനേഷ്.എം.സി(110 കിലോ വിഭാഗം), ഫസീല. പി(65 കിലോ വനിത വിഭാഗം) എന്നിവർ വെള്ളി മെഡലും നേടി.

**ഫോട്ടോ ക്യാപ്ഷൻ :** പൂനെയിൽ നടന്ന 71 ാമത് ആൾ ഇന്ത്യാ പോലീസ് റെസ്‌ലിംഗ് ക്ലസ്റ്റർ ചാമ്പ്യൻഷിപ്പിൽ പഞ്ചഗുസ്തി പുരുഷ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ കേരളാ പോലീസ് സംഘം ട്രോഫി ഏറ്റുവാങ്ങുന്നു.

******************************